ശബരിമല തീർത്ഥാടന സർവ്വീസ് മുഖേന കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന ലാഭനഷ്ടങ്ങൾ

128 [515] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എൻ. ശക്തൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 ലെ ശബരിമല തീർത്ഥാടന സീസണിൽ എത്ര പേർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ തീർത്ഥാടനാർത്ഥം യാത്ര ചെയ്തിട്ടുണ്ട്; അവരിൽ നിന്ന് ആകെ എത്ര കളക്ഷൻ കിട്ടി; അവരിൽ നിന്നും 20% യാത്രക്കൂലി അധികം വാങ്ങിയിരുന്നുവോ; ആയിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര അധിക വരുമാനമുണ്ടായി;

(ബി) ശബരിമല തീർത്ഥാടകർക്ക് വേണ്ടി ബസ് സർവ്വീസ് നടത്തിയതുമൂലം ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളത്; അത് എത്ര എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീർത്ഥാടകരുടെ എണ്ണം കണക്കാക്കാൻ പലവിധ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല. മണ്ഡലപൂജ കാലത്ത് യാത്രാ നിരക്കായി 6,19,78,314 രൂപ തീർത്ഥാടകരിൽ നിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്. മകര വിളക്കുമായി ബന്ധപ്പെട്ട സ്പെഷ്യൽ സർവ്വീസ് 20-1-2004 വരെ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ആയതിന്റെ കണക്ക് ഇപ്പോൾ ലഭ്യമല്ല. തീർത്ഥാടകരിൽനിന്നും 20% അധിക ചാർജ്ജ് വാങ്ങിയിരുന്നു. സ്പെഷ്യൽ സർവീസ് നടത്തുന്നതിന് നിലവിലുള്ള ചാർജ്ജിനേക്കാൾ 30% ചാർജ്ജ് കൂടുതൽ വാങ്ങാൻ മോട്ടോർ വാഹന നിയമം അനുവദിക്കുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. നിലവിൽ 20% അധിക ചാർജ്ജ് മാത്രമേ തീർത്ഥാടകരിൽ നിന്നും വാങ്ങുന്നുള്ളൂ. 2001 വർഷം മുതൽ നിലവിലുള്ള ചാർജ്ജാണ് ഈ വർഷവും ഈടാക്കുന്നത്. തീർത്ഥാടന കാലത്ത് കൂടുതൽ ജീവനക്കാരെ ശബരിമലയിൽ ജോലിക്കായി വിന്യസിക്കേണ്ടിവരികയും സർവ്വീസുകൾ പലപ്പോഴും ഒരു വശത്തേക്ക് യാത്രക്കാരില്ലാതെ ഓപ്പറേറ്റ് ചെയ്യേണ്ടിവരികയും ചെയ്യുന്നു. മലയോര റോഡുകൾ ആയതിനാൽ ഡീസൽ ചെലവ് കൂടുതലാണ്. ഇതിനുപുറമെ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുള്ള ആവശ്യത്തിനും വേണ്ടിയാണ് ഇങ്ങനെ അധിക ചാർജ്ജ് ഈടാക്കുവാൻ നിയമത്തിൽ വ്യവസ്ഥയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീർത്ഥാടനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ സർവ്വീസുകൾ 20-1-2004 വരെയുള്ളതിനാൽ ഇതിനു ശേഷമേ കണക്കുകൾ ലഭ്യമാക്കുകയുള്ളൂ.

പെരുമ്പാവൂരിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

129 [519] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ ട്രാഫിക് പരിഷ്കാരം നടപ്പാക്കാത്തതുമൂലം നഗരത്തിൽ ഗുരുതരമായ ഗതാഗതക്കുരുക്ക് ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ട്രാഫിക് സംവിധാനത്തിനുവേണ്ട റോഡ് മുതലായ പശ്ചാത്തല സൗകര്യങ്ങൾ നഗരസഭ ഒരുക്കിയിട്ടും പരിഷ്കാരം നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പെരുമ്പാവൂരിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സ്വീകരിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാഫിക് പരിഷ്കാരം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാറ്റ്പാക്ക് റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയാണ് തീരുമാനം എടുത്ത് നടപ്പിലാക്കേണ്ടത്.

സ്വകാര്യ വാഹന ഉടമകളിൽ നിന്നും സെസ്സ് പിരിക്കുന്ന നടപടി

130 [520] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വാഹന ഉടമകളിൽനിന്നും സെസ്സ് പിരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly